(ബി) സംസ്ഥാനാവിഷ്കൃത പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. ബ്ലോക്ക് ഇൻഫർമേഷൻ സെന്റർ.—എല്ലാ ബ്ലോക്കുകളിലും സ്ഥാപിച്ചിട്ടുള്ള ബ്ലോക്ക് ഇൻഫർമേഷൻ സെന്റർ ശക്തിപ്പെടുത്തുക, കമ്പ്യൂട്ടറിന്റെയും അനുബന്ധ ഉപകരണങ്ങളുടെ റിപ്പയറിങ്ങിനും അതിന്റെ പാർട്സുകളും വാങ്ങുന്നതിനും നെറ്റ് വർക്കിനുമാണ് തുക ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്.

2. നൂതന പദ്ധതി രൂപീകരണവും ബാഹ്യ വിദഗ്ദ്ധ വിനിയോഗവും.—മാലിന്യങ്ങളുടെ കൈകാര്യ നിർവ്വഹണം, ശുചിത്വം, നീർത്തട വികസന പ്രവർത്തനങ്ങൾ, സൂക്ഷ്മ സംരംഭങ്ങൾ, മൂല്യവർദ്ധനവ്, വിപണനം എന്നീ മേഖലകളിൽ കൂടുതൽ സ്വകാര്യ-പൊതുജന പങ്കാളിത്തം സാദ്ധ്യമാക്കുന്നതിനും, സാങ്കേതികവും സാമൂഹ്യാധിഷ്ഠിതവുമായ നൂതന രീതികൾ അവലംബിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി.

3. അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി.—അട്ടപ്പാടിയിലെ പരിസ്ഥിതി നാശവും സാമൂഹികവുമായ പിന്നോക്കാവസ്ഥയും കണക്കിലെടുത്ത് പരിസ്ഥിതി പുനഃസ്ഥാപനത്തിനും അവിടത്തെ ആദിവാസി വിഭാഗത്തിന്റെ സമഗ്രമായ പുരോഗതിക്കും വേണ്ടി ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷന്റെ സാമ്പത്തിക സഹായത്തോടുകൂടി സംസ്ഥാന ഗ്രാമവികസന വകുപ്പ് ആവിഷ്കരിച്ച് അട്ടപ്പാടി ഹിൽസ് ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റി (അഹാഡ്സ്) മുഖാന്തിരം നടപ്പാക്കുന്ന പദ്ധതിയാണിത്. ഇതിന്റെ അടങ്കൽ തുക 219.31 കോടി രൂപയാണ്. അതിൽ 176.90 കോടി രൂപ ജെ.ബി.ഐ.സി.-യുടെ ധനസഹായവും ബാക്കി 42.41 കോടി രൂപ സംസ്ഥാന സർക്കാരിന്റെ വിഹിതവുമാണ്. പൂർണ്ണമായും ഗുണഭോക്തൃ പങ്കാളിത്തത്തോടുകൂടി നീർത്തടാധിഷ്ഠിതമായി ഈ പദ്ധതി നടപ്പിലാക്കി വരുന്നു. തദ്ദേശീയരുടെ പ്രത്യേകിച്ച് ആദിവാസി സമൂഹത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ കണക്കിലെടുത്തുകൊണ്ട് ആദിവാസി ഊരുകളിലെ പാർപ്പിടം, കുടിവെള്ളം, വെളിച്ചം, ഊരുപാത വികസനം, ആരോഗ്യപരിരക്ഷ, വിദ്യാഭ്യാസം, വരുമാനദായക പ്രവർത്തനങ്ങൾ എന്നിവ കൂടി ഉൾപ്പെടുത്തി സമ്പൂർണ്ണ ഊരുവികസന പരിപാടി അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമവികസന വകുപ്പുവഴി നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

131 [854] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പുവഴി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃതവും കേന്ദ്ര സഹായവുമുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉള്ള ഓരോ വർഷവും ഈ പദ്ധതികളിൽ എന്തെങ്കിലുമായി ബന്ധപ്പെട്ട തുക ചെലവഴിക്കാൻ കഴിയാതെ ലാപ്സായി പോയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വർഷം ഏതെല്ലാം പദ്ധതി വഴി എത്ര തുക ലാപ്സായി പോയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) നടപ്പുവർഷം ഗ്രാമവികസന വകുപ്പുവഴി നടപ്പാക്കാൻ ഉദ്ദേശിച്ച പദ്ധതികളിൽ ഇതുവരെ പൂർണ്ണമായും നടപ്പിൽ വരുത്താൻ കഴിയാത്തവ ഏതൊക്കെയാണ്; ലക്ഷ്യവും നേട്ടവും 2004 ജനവരി 1-നെ അടിസ്ഥാനപ്പെടുത്തി വിശദമാക്കാമോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പുവഴി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃതവും കേന്ദ്ര സഹായവുമുള്ള പദ്ധതികൾ താഴെ പറയുന്നവയാണ്:

1. സ്വർണ്ണജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന. (എസ്.ജി.എസ്.വൈ.)
2. ഇന്ദിരാ ആവാസ് യോജന. (ഐ.എ.വൈ.)
3. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന. (എസ്.ജി.ആർ.വൈ.)
4. പ്രധാനമന്ത്രിയുടെ ഗ്രാമ സഡക്ക് യോജന. (പി.എം.ജി.എസ്.വൈ.).
5. സമ്പൂർണ്ണ ശുചിത്വ പരിപാടി—നിർമ്മൽ 2000.
6. സമ്പൂർണ്ണ ശുചിത്വ യജ്ഞം.
7. സംയോജിത തരിശുഭൂമി വികസന പരിപാടി. (ഐ.ഡബ്ല്യു.ഡി.പി.)
8. ഹരിയാലി.

ടി പദ്ധതികളുടെ വിശദവിവരം അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു. †

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള വർഷങ്ങളിൽ ഗ്രാമവികസന വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളിലായി ലഭിച്ചിട്ടുള്ള തുകയിൽ യാതൊന്നുംതന്നെ ചെലവഴിക്കാൻ കഴിയാതെ ലാപ്സായി പോയിട്ടില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേനയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ അറ്റകുറ്റപ്പണികൾ

132 [855] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നിലവിലുള്ള സ്കീമുകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly